**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും ആർ.ബി.ഡി.സി.കെ- യെ നിർവ്വഹണം ഏൽപ്പിക്കുകയും ചെയ്ത കുന്ദമംഗലം ബൈപ്പാസ് നിർമ്മാണ പ്രവൃത്തി തുടങ്ങേണ്ടതില്ലെന്ന് കിഫ്ബി തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | പണ്ടാരപ്പറമ്പ് ഉണ്ടൊടിക്കടവ് ബൈപാസ് (കുന്നമംഗലം ബൈപാസ്) പദ്ധതിക്കുള്ള വിശദ പദ്ധതി വിവരണ റിപ്പോർട്ട് ആർ ബി ഡി സി കെ കിഫ്ബിക്കു സമർപ്പിച്ചിട്ടില്ല. 13-06-2024 ന ബഹു:കുന്നമംഗലം എം എൽ എ യുടെ സാന്നിധ്യത്തിൽ നടന്ന യോഗത്തിൽ EE-NH PWD, പണ്ടാരപ്പറമ്പ് ഉണ്ടൊടിക്കടവ് ബൈപാസ് പദ്ധതി (കുന്ദമംഗലം ബൈപ്പാസ്) NH-766 വികസനത്തോടൊപ്പം പൊതുമരാമത്തു പദ്ധതിയായി ചെയ്യുന്നതാണെന്നും ആയതിനാൽ പ്രസ്തുത കിഫ്ബി പദ്ധതി ഉപേക്ഷിക്കണമെന്നും അറിയിച്ചിരുന്നു. |
| (ബി) | ദേശീയപാത 766-ൽ കൊടുവള്ളിയിലും താമരശ്ശേരിയിലും മാത്രമാണ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ പദ്ധതിയിൽ ബൈപ്പാസ് വിഭാവനം ചെയ്തിട്ടുള്ളതെന്നും കുന്ദമംഗലം ബൈപ്പാസ് ഒഴിവാക്കാൻ കാരണം കിഫ്ബി പദ്ധതി ഉള്ളതുകൊണ്ടാണെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | 13-06-2024 ലെ യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബൈപാസ് കേന്ദ്രഫണ്ട് ഉപയോഗിച്ച് ചെയ്യുവാൻ ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തു സെക്രട്ടറിക്ക് കിഫ്ബി സി ഇ ഓ 24-07-2024 ൽ അർദ്ധ ഔദ്യോഗിക കത്ത് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്തു വകുപ്പിൽ നിന്നും കേന്ദ്ര റോഡ് ഗതാഗത ഹൈവെ മന്ത്രാലയത്തിലേക്കു കത്ത് നൽകിയിട്ടുണ്ട്. എന്നാൽ ഈ കത്തിന് ഇതുവരെ മറുപടി ഒന്നും ലഭ്യമായിട്ടില്ലന്നാണ് പൊതുമരാമത്തു സെക്രട്ടറിയുടെ ഓഫീസിൽ നിന്നും അറിയുവാൻ കഴിഞ്ഞത്. പ്രസ്തുത കത്തിന് മറുപടി ലഭ്യമായ ശേഷം മേൽ നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ